പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 465

10.06.2014-ലെ മറുപടിയ്ക്ക്

## കൺസ്യൂമർഫെഡിന്റെ വിറ്റുവരവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജി.സുധാകരൻ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |

(എ) 2006 മുതൽ 2013 വരെ കൺസ്യൂമർ ഫെഡിന്റെ ശരാശരി വിറ്റുവരവ് എത്രയായിരുന്നു;

(എ) 2006 മുതൽ 2013 വരെ കൺസ്യൂമർ ഫെഡിന്റെ ശരാശരി വിറ്റുവരവ് പ്രതിവർഷം 1006.77 കോടി രൂപയാണ്.

(ബി) മദ്യം, മരുന്ന് വില്പനയിൽ നിന്നും കൺസ്യൂമർ ഫെഡിന് 2006 മുതൽ 2013 വരെ പ്രതിവർഷം എന്ത് തുക ഇൻസെന്റീവായി ലഭിച്ചു; വിശദമാക്കാമോ;

(ബി) മരുന്ന് വിൽപ്പനയിൽ നിന്നും കൺസ്യൂമർ ഫെഡറേഷന് 2006 മുതൽ 2013 വരെ ഇൻസെന്റീവ് ലഭിച്ചിട്ടില്ല. വിദേശ മദ്യ വിൽപ്പനയിൽ നിന്നും കൺസ്യൂമർ ഫെഡിന് ഈ കാലയളവിൽ ഇൻസെന്റീവ് ഇനത്തിൽ 1,36,52,871 രൂപ ലഭിച്ചു.
വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 2006-07 | - | 3437059 |
| 2007-08 | - | 3978129 |
| 2008-09 | - | 2775868 |
| 2009-10 | - | 2102641 |
| 2010-11 | - | 439321 |
| 2011-12 | - | 492242 |
| 2012-13 | - | 427611 |
| ആകെ | | 13652871 |

| | | | |
|---|---|---|---|
| (സി) | കൺസ്യൂമർ ഫെഡിന് സാധനങ്ങൾ വിതരണം ചെയ്ത വകയിൽ സപ്ലൈയർമാർക്ക് എന്ത് തുക ഇതുവരെ നൽകാനുണ്ട്; വ്യക്തമാക്കുമോ; | (സി) | നിലവിൽ 388.93 കോടി രൂപ സപ്ലൈയർമാർക്ക് നൽകാനുണ്ട്. |
| (ഡി) | സബ്സിഡി നൽകിയ ഇനത്തിൽ കൺസ്യൂമർ ഫെഡിന് സർക്കാരിൽ നിന്നും എന്ത് തുക ലഭിക്കുവാനുണ്ട്; വിശദമാക്കുമോ; | (ഡി) | 1999-ലെ ഓണം വിപണി മുതൽ 2013 ഓണം-റംസാൻ വിപണികൾവരെ കൺസ്യൂമർ ഫെഡറേഷന്റെ കണക്ക പ്രകാരം സബ്സിഡി ഇനത്തിൽ 370.62 കോടി രൂപ നൽകാനുണ്ട്. |
| (ഇ) | ഈ സ ർക്കാർ അധികാരത്തിൽ വന്ന ശേഷം കൺസ്യൂമർ ഫെഡിന് സർക്കാരിൽ നിന്ന് എന്ത് തുക ലഭിച്ചു; വ്യക്തമാക്കുമോ? | (ഇ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൺസ്യൂമർ ഫെഡിന് 179.50 കോടി രൂപ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ